## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 03.02.2024 മുതൽ 07.02.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 05/2024 (10) വെള്ളിയാഴ്ച് | തീയ്യതി 02/02/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 03.02.2024 | 04.02.2024 | 05.02.2024 | 06.02.2024 | 07.02.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0.2 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 51 | 51 | 51 | 50 | 50 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 4 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 250 | 270 | 230 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 5 | 5 | 2 | 1 |

കാലാവസ്ഥാ അറിയിപ്പ് :ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ- കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | വിളവെടുപ്പിനുള്ള സമയം | വിത്തെടുക്കാൻ ഉദ്ദേശിക്കുന്ന പാടങ്ങളിൽ നിന്നും കൊയ്ത്തിന് രണ്ടാഴ്ച മുമ്പെങ്കിലും കള്ളക്കതിരുകൾ നീക്കം ചെയ്തിരിക്കണം. കൊയ്ത്ത് കഴിഞ്ഞാൽ നിലം ഉഴുത്തിടണം. ഈർപ്പമുണ്ടെങ്കിൽ പയർ, പച്ചക്കറികൾ എന്നിവ കൃഷിചെയ്യാനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. |
| പച്ചക്കറികൾ | മണ്ഡരി | രണ്ട് ശതമാനം വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം അല്ലെങ്കിൽ വേപ്പധിഷ്ഠിത കീടനാശിനികൾ അസാഡിറാക്ടിൻ 0.004% (4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ വെറ്റബിൾ സൾഫർ 0.4 % തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാകുമ്പോൾ രാസ കീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ സ്പൈറോമെസിഫെൻ 22.9 % SC (8 മി.ലി. പത്തു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ ഡയാഫെൻതയൂറോൺ 50% WP (1.2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത് കൂടി വീഴുന്ന വിധം തളിക്കുക. കീടങ്ങൾക്ക് കീടനാശിനികളോടുള്ള പ്രതിരോധം ഉരുത്തിരിയുന്നത് തടയാൻ കീടനാശിനികൾ യുക്തിസഹമായി പരിക്രമണം ചെയ്യുക. |
| പച്ചക്കറികൾ പയർ | കായ്തുരപ്പൻ പുഴ | പയറിൽ കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളുബെന്റാമൈഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കാവുന്നതാണ്. |

മത്സ്യ കൃഷി:-. കർഷകർക്ക് ഓരുവെള്ളത്തിൽ മത്സ്യ ഇനങ്ങളായ ചമ്പല്ലി, കാളാഞ്ചി, കരിമീൻ, കണമ്പ്, പോംബെനോ, പൂമീൻ എന്നിവ കൃഷി ചെയ്യാവുന്നതാണ്.